LIBRARY ARCHIVES Kerala Legislative Assembly

## കാരുണ്യ ബെനവലന്റ് ഫണ്ട് സൗജന്യ ചികിത്സാ പദ്ധതി

**155 (500)** ശ്രീ. കെ. ശിവദാസൻ നായർ :
ശ്രീ. എം. പി. വിൻസെന്റ് :
ശ്രീ. ലൂഡി ലൂയിസ് :
ശ്രീ. ഡൊമിനിക് പ്രസന്റേഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാരുണ്യ ബെനവലന്റ് ഫണ്ട് സൗജന്യ ചികിത്സാ പദ്ധതി പ്രകാരം കൈവരിക്കാൻ കഴിഞ്ഞിട്ടുള്ള ലക്ഷ്യങ്ങൾ വിശദമാക്കുമോ ;

(ബി) പ്രസ്തുത പദ്ധതിയനുസരിച്ച് ഏതെല്ലാം രോഗങ്ങൾക്കുള്ള ചികിത്സാ സഹായമാണ് നൽകിവരുന്നത് ; വിശദമാക്കുമോ ;

(സി) ഏതെല്ലാം തരം ആശുപത്രികളെയാണ് പ്രസ്തുത പദ്ധതി പ്രകാരമുള്ള ലിസ്റ്റിൽ ഉൾപ്പെടുത്തിയിട്ടുള്ളത് ; വിശദമാക്കുമോ ;

(ഡി) ചികിത്സാ ധനസഹായം യഥാസമയം രോഗികൾക്ക് ലഭിക്കാൻ എന്തെല്ലാം ക്രമീകരണങ്ങൾ ഒരുക്കിയിട്ടുണ്ട് ; വിശദമാക്കുമോ ;

(ഇ) പ്രസ്തുത പദ്ധതി വിപുലീകരിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ; വിശദമാക്കുമോ ?

ഉത്തരം

(എ)

1. 21-4-2015 വരെ 86,876 രോഗികൾക്ക് 701.25 കോടി രൂപ ചികിത്സാ ധനസഹായമായി അനുവദിച്ചിട്ടുണ്ട്. ഇതിൽ ഒറ്റത്തവണ ചികിത്സാ ധനസഹായമായി 26,902 രോഗികൾക്ക് ചികിത്സാ ധനസഹായം അനുവദിച്ചിട്ടുണ്ട്.

2. സംസ്ഥാനത്തെ 5 മെഡിക്കൽ കോളേജ് ആശുപത്രികളിൽ (തിരുവനന്തപുരം, കോട്ടയം, ആലപ്പുഴ, തൃശ്ശൂർ, കോഴിക്കോട്) 10 ഡയാലിസിസ് മെഷീൻ വീതമുള്ള കാരുണ്യ ഡയാലിസിസ് സെന്ററുകൾ ആരംഭിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. ഇതിൽ തിരുവനന്തപുരം മെഡിക്കൽ കോളേജ് ആശുപത്രിയിലുള്ള കാരുണ്യ ഡയാലിസിസ് സെന്റർ 11-7-2013 മുതൽ പൂർണ്ണ രീതിയിൽ പ്രവർത്തനം

ആരംഭിച്ചിട്ടുണ്ട്. കോട്ടയം, മെഡിക്കൽ കോളേജ് ഒഴികെ, കോഴിക്കോട്, ആലപ്പുഴ, തൃശ്ശൂർ മെഡിക്കൽ കോളേജ് ആശുപത്രികളിൽ സെന്ററുകളുടെ നിർമ്മാണം തുടങ്ങുന്നതിനുള്ള നടപടികൾ അന്തിമഘട്ടത്തിലാണ്.

3. 1069 ഹീമോഫീലിയ രോഗികളെ പ്രത്യേകമായി രജിസ്റ്റർ ചെയ്ത് അത്യാവശ്യഘട്ടങ്ങളിൽ കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷനിലൂടെ ഫാക്ടർ (മരുന്ന്) നല്കുന്നതിനുള്ള നടപടികൾ പൂർത്തിയാക്കിയിട്ടുണ്ട്.

4. സർക്കാർ ആശുപത്രികൾക്കുപുറമേ 72 സർക്കാരിതര അക്രഡിറ്റഡ് ആശുപത്രികളിൽകൂടി ചികിത്സാ സൗകര്യം ലഭ്യമാക്കിയിട്ടുണ്ട്.

വൃക്കരോഗികൾക്ക് യഥാസമയം ഡയാലിസിസ് ലഭ്യമാക്കുന്നതിന് പദ്ധതി വ്യവസ്ഥകളും നിരക്കുകളും അനുസരിച്ച് ചികിത്സ നൽകാനായി സംസ്ഥാനത്തെ 31 സ്വകാര്യ ഡയാലിസിസ് സെന്ററുകൾക്ക് അംഗീകാരം നൽകുകയും അവയിൽ 27 എണ്ണം പ്രവർത്തനക്ഷമവുമാണ്. കാരുണ്യ ബെനവലന്റ് ഫണ്ടിന്റെ സഹായത്തോടെ സംസ്ഥാനത്തെ 27 ജില്ലാ/താലൂക്ക് സർക്കാർ ആശുപത്രികളിൽക്കൂടി സംസ്ഥാന ആരോഗ്യവകുപ്പ് ഡയാലിസിസ് സെന്ററുകൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(ബി) ക്യാൻസർ, ഹൃദ്രോഗം, വൃക്കരോഗം, തലച്ചോർ, കരൾ എന്നിവയുള്ള സർജറി ഉൾപ്പെടെയുള്ള ചികിത്സ, ഹീമോഫീലിയ, പാലിയേറ്റീവ് കെയർ, ഗുരുതരമായ ശ്വാസകോശരോഗങ്ങൾ, നട്ടെല്ല്, സുഷുമ്നാനാഡി എന്നിവയ്ക്ക് സംഭവിക്കുന്ന മാരകമായ രോഗങ്ങൾ എന്നിവയ്ക്കാണ് ചികിത്സാ ധനസഹായം നൽകിവരുന്നത്.

(സി) കാരുണ്യ ചികിത്സാ പദ്ധതിയിൽ ആദ്യഘട്ടത്തിൽ സംസ്ഥാനത്തെ സർക്കാർ ആശുപത്രികളെ മാത്രമാണ് ഉൾപ്പെടുത്തിയിരുന്നത്. ഇപ്പോൾ സഹകരണ മെഡിക്കൽ കോളേജുകളെ പദ്ധതിയുടെ പരിധിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. കൂടാതെ ശ്രീചിത്തിര തിരുനാൾ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസസ്, റീജിയണൽ ക്യാൻസർ സെന്റർ, മലബാർ ക്യാൻസർ സെന്റർ എന്നീ ടെർഷ്യറി ആശുപത്രികളിൽ ചികിത്സ തേടുന്നവർക്കും ചികിത്സാ ധനസഹായം അനുവദിച്ചിരുന്നു. തുടർന്ന് വിദഗ്ധ ചികിത്സാ സൗകര്യങ്ങളുള്ളതും നിശ്ചിത ചികിത്സാ പാക്കേജുകളും നിരക്കുകളും അനുസരിച്ച് ചികിത്സ നടത്താൻ തയ്യാറായി കരാർ ഒപ്പുവച്ചിട്ടുള്ള 72 സർക്കാരിതര ആശുപത്രികളിലും ചികിത്സാ

LIBRARY ARCHIVES Kerala Legislative Assembly

സൗകര്യം ലഭ്യമാണ്. തെരഞ്ഞെടുത്ത 27 സ്വകാര്യ ഡയാലിസിസ് സെന്ററുകളിൽ ചികിത്സാ സൗകര്യം ലഭ്യമാണ്. ഇത് കൂടാതെ 27 താലൂക്ക്തല സർക്കാർ ആശുപത്രികളിലും ഡയാലിസിസ് ചികിത്സയ്ക്ക് സൗകര്യം ലഭ്യമാക്കാനാവശ്യമായ തുടർ നടപടികൾ നടന്നുവരുന്നു.

(ഡി)

1. സർക്കാർ ആശുപത്രികളിൽ ചികിത്സതേടുന്ന രോഗികൾക്ക് അടിയന്തരഘട്ടങ്ങളിൽ സർജറി ഉൾപ്പെടെയുള്ള ചികിത്സ ആവശ്യമായി വന്നാൽ 24 മണിക്കൂറിനുള്ളിൽ ബന്ധപ്പെട്ട ജില്ലാ കളക്ടർമാർ പ്രീ ആതറൈസേഷൻ നൽകുന്നതാണ്.

2. അടിയന്തര ഘട്ടങ്ങളിൽ അപേക്ഷ നൽകുന്നതിനുമുൻപ് സർക്കാർ ആശുപത്രികളിൽ സർജറിക്ക് വിധേയരാകേണ്ടിവരുന്ന ഗുണഭോക്താക്കൾ സർജറി കഴിഞ്ഞ് 72 മണിക്കൂറിനുള്ളിൽ ബന്ധപ്പെട്ട ജില്ലാ ഭാഗ്യക്കുറി ഓഫീസർക്ക് അപേക്ഷ സമർപ്പിച്ചാലും ധനസഹായത്തിനായി പരിഗണിക്കുന്നതാണ്.

3. സർക്കാരാശുപത്രികളിൽ ചികിത്സ തേടിയിട്ടുള്ള അപേക്ഷകരുടെ അപേക്ഷ സംസ്ഥാന ആഫീസിലേക്ക് ശിപാർശ ചെയ്തിട്ടുള്ള കേസ്സുകളിൽ അടിയന്തരമായി സർജറി ഉൾപ്പെടെയുള്ള ചികിത്സ ആവശ്യമായി വന്നാൽ 12 മണിക്കൂറിനുള്ളിൽ പ്രീ-ആതറൈസേഷൻ നൽകുന്നതാണ്.

4. പ്രധാനപ്പെട്ട സർക്കാർ ആശുപത്രികളിൽ അടിയന്തര ചികിത്സ തടസ്സം കൂടാതെ നടത്തുന്നതിനായി ഇംപ്രസ്റ്റ് ഫണ്ട് നൽകിയിട്ടുണ്ട്.

5. അപേക്ഷ പ്രോസ്സസ് ചെയ്യുന്നതിലുള്ള കാലതാമസം ഒഴിവാക്കുന്നതിനായി ഓൺലൈൻ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്.

(ഇ) നിശ്ചിത രോഗങ്ങൾക്ക് ആവശ്യമായ വിദഗ്ധ ചികിത്സാ സൗകര്യങ്ങളുള്ള എല്ലാ സർക്കാർ ആശുപത്രികളിലും പരിയാരം സഹകരണ മെഡിക്കൽ കോളേജ് ആശുപത്രിയിലും ശ്രീചിത്തിര തിരുനാൾ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസസ്, റീജിയണൽ ക്യാൻസർ സെന്റർ, മലബാർ ക്യാൻസർ സെന്റർ എന്നീ ടെർഷ്യറി ആശുപത്രികളിലും ചികിത്സ തേടുന്നവർക്കാണ് ആദ്യഘട്ടത്തിൽ ചികിത്സാ ധനസഹായം ലഭിച്ചിരുന്നത്. തുടർന്ന്, വിദഗ്ധ ചികിത്സാ സൗകര്യങ്ങളുള്ളതും നിശ്ചിത ചികിത്സാ പാക്കേജും നിരക്കുകളും അനുസരിച്ച് ചികിത്സ നടത്താൻ തയ്യാറായി കരാർ ഒപ്പുവച്ചിട്ടുള്ളതുമായ

LIBRARY ARCHIVES Kerala Legislative Assembly

72 സർക്കാരിതര ആശുപത്രികളിലും ചികിത്സാ സൗകര്യം ലഭ്യമാക്കിയിട്ടുണ്ട്. 27 സ്വകാര്യ ഡയാലിസിസ് സെന്ററുകളിൽ ചികിത്സാ സൗകര്യം ലഭ്യമാണ്. ഇതുകൂടാതെ, 27 താലൂക്ക്തല സർക്കാർ ആശുപത്രികളിലും ഡയാലിസിസ് ചികിത്സയ്ക്ക് സൗകര്യം ലഭ്യമാക്കാനാവശ്യമായ തുടർനടപടികൾ നടന്നുവരുന്നു. സംസ്ഥാനത്തെ 5 മെഡിക്കൽ കോളേജ് ആശുപത്രികളിൽ (തിരുവനന്തപുരം, കോട്ടയം, ആലപ്പുഴ, തൃശ്ശൂർ, കോഴിക്കോട്) 10 ഡയാലിസിസ് മെഷീൻ വീതമുള്ള കാരുണ്യ ഡയാലിസിസ് സെന്ററുകൾ ആരംഭിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. ഇതിൽ തിരുവനന്തപുരം മെഡിക്കൽ കോളേജ് ആശുപത്രിയിലുള്ള കാരുണ്യ ഡയാലിസിസ് സെന്റർ 11-7-2013 മുതൽ പൂർണ്ണരീതിയിൽ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. ആലപ്പുഴ മെഡിക്കൽ കോളേജിലെ ഡയാലിസിസ് സെന്ററിന്റെ നിർമ്മാണം പൂർത്തിയായിട്ടുണ്ട്. കോട്ടയം മെഡിക്കൽ കോളേജ് ഒഴികെ, കോഴിക്കോട്, തൃശ്ശൂർ മെഡിക്കൽ കോളേജ് ആശുപത്രികളിൽ സെന്ററുകളുടെ നിർമ്മാണം തുടങ്ങുന്നതിനുള്ള നടപടികൾ അന്തിമഘട്ടത്തിലാണ്. ദൂരസ്ഥലങ്ങളിൽനിന്നും വരുന്ന രോഗികൾക്കും അവരുടെ കൂട്ടിരിപ്പുകാർക്കും ചുരുങ്ങിയ ചെലവിൽ വിശ്രമിക്കുന്നതിനും താമസിക്കുന്നതിനും സൗകര്യമേർപ്പെടുത്തുക എന്ന ഉദ്ദേശ്യത്തോടെ കാരുണ്യ ഹോമുകൾ നിർമ്മിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. പ്രസ്തുത ഹോമുകളുടെ നിർമ്മാണ പ്രവർത്തനരീതിയെക്കുറിച്ചുള്ള വിശദാംശങ്ങൾ തയ്യാറായി വരുന്നു.

വൃക്കമാറ്റിവയ്ക്കൽ ചികിത്സയിൽ വൃക്കനൽകുന്ന വ്യക്തിക്ക് ഈ പദ്ധതിയിൽനിന്നും ഒരു ലക്ഷം രൂപ അനുവദിക്കാൻ ഉത്തരവായിട്ടുണ്ട്. പദ്ധതിയിൽനിന്നും നൽകുന്ന പരമാവധി ധനസഹായം രണ്ട് ലക്ഷം രൂപയാണ്. എന്നാൽ ഒരു കുടുംബത്തിൽ ഒന്നിലധികം ഹീമോഫീലിയ രോഗികൾ ഉണ്ടെങ്കിലും ഭാരിച്ച ചികിത്സാ ചെലവ് കണക്കിലെടുത്ത് ഓരോ രോഗിക്കും പരിധിയില്ലാതെ ചികിത്സാ ധനസഹായം നൽകുന്നതിനും തീരുമാനിച്ചിട്ടുണ്ട്.

**ധനകാര്യ അനുമതിയും ഭരണാനുമതിയും**

**156 (501)** <u>ശ്രീ. പി. ഉബൈദുള്ള</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ വിവിധ പ്രോജക്ടുകൾക്കും എം.എൽ.എ.മാരുടെ ആസ്തിവികസന ഫണ്ടുകൾക്കും ധനകാര്യ അനുമതിയും ഭരണാനുമതിയും നൽകുന്നതിനുള്ള കാലതാമസം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly